**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1855** **12.06.2019-ൽ മറുപടിയ്ക്ക്**

**ചെക്ക്പോസ്റ്റുകളിലെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ. ജയരാജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിലെ ചെക്ക്പോസ്റ്റുകളിൽ മേഖലാടിസ്ഥാനത്തിലുള്ള നിയമനം മൂലം ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ടനുഭവിക്കേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി ലഭിച്ചിട്ടുണ്ട്. പരാതികൾ പരിശോധിച്ച് അർഹരായവരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റ് നിയമനത്തിന്റെ പേരിൽ മൂന്ന് മാസം കൂടുമ്പോൾ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ നിർദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സ്ഥലം മാറ്റുന്നില്ല. എന്നാൽ പുനർവിന്യസിക്കാറുണ്ട്. 30.09.2018-ലെ സ.ഉ(കൈ) നം.59/2018/ട്രാൻസ്, 07.05.2019-ലെ സ.ഉ.(കൈ) നം.25/2019/ഗതാഗതം എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റ് നിയമനം മേഖലാടിസ്ഥാനത്തിലാണ് നടത്തുന്നത്. ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | അടിക്കടിയുള്ള സ്ഥലമാറ്റം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ചെക്ക് പോസ്റ്റ് നിയമനങ്ങൾ അതത് ആർ.റ്റി.ഒ.മാരുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ചെക്ക്പോസ്റ്റ് നിയമനങ്ങൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ കൊണ്ടുവരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ചെക്ക് പോസ്റ്റ് നിയമനങ്ങൾ മേഖലാടിസ്ഥാനത്തിലാക്കിയപ്പോൾ മേഖലാ സീനിയോറിറ്റി ലിസ്റ്റ് തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | മേഖലാ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

File No.TRANS-C1/105/2018-TRANS

അനുബന്ധം - I

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

G.O.(Ms)No.59/2018/TRANS തീയതി,തിരുവനന്തപുരം, 30/09/2018

പരാമർശം:- 1 സ.ഉ (എം.എസ്) നം.26/11/ഗതാ. തീയതി 11/05/2011

2 സ.ഉ (എം.എസ്) നം.32/2012/ഗതാ. തീയതി 05/06/2012

3 സ.ഉ (പി)നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017

4 24/8/2012-ലെ നം.8/12, 3/7/13 ലെ നം.17/2013, 4/2/17 ലെ നം.03/17, 23/5/17 ലെ നം.12/2017 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറുകൾ

5 സ.ഉ (കൈ) നം.79/2017/ഗതാ. തീയതി 10/10/2017

ഉത്തരവ്

പരാമർശം 5-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (iii),(v) എന്നിവയിൽ യഥാക്രമം താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെക്ക്പോസ്റ്റിലെ നിയമനങ്ങൾ ഗതാഗത കമ്മീഷണർ നടത്തുന്നതായിരിക്കും. ഇതിനായി ഗതാഗത കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലാ ഓഫീസർ, ചെക്ക്പോസ്റ്റിന്റെ നിയന്ത്രണമുള്ള ബന്ധപ്പെട്ട ഡി.റ്റി.സി, ആർ.ടി.ഒ എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതും. ടി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തേണ്ടതാണ്.

ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ സമ്മതപത്രം വാങ്ങിയ ശേഷം മേഖല അടിസ്ഥാനത്തിൽ സീനിയോറിറ്റി റൊട്ടേഷൻ നിശ്ചയിച്ച് നിയമനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.R.JYOTHILAL
PRINCIPAL SECRETARY

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
പകർപ്പ് : ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

Section Officer

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - II

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗതാഗത (സി) വകുപ്പ്

സ.ഉ.(കൈ) നം.25/2019/ഗതാഗതം തീയതി,തിരുവനന്തപുരം, 07/05/2019

പരാമർശം:- 1 സ.ഉ (പി)നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017

2 24/8/2012-ലെ നം.8/12, 3/7/13 ലെ നം.17/2013, 4/2/17 ലെ നം.03/17, 23/5/17 ലെ നം.12/2017 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറുകൾ

3 സ.ഉ (എം.എസ്) നം.79/2017/ഗതാ. തീയതി 10/10/2017

4 സ.ഉ (എം.എസ്) നം.59/2018/ഗതാ. തീയതി 30/09/2018

<u>ഉത്തരവ്</u>

പരാമർശം 4-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (v) - ൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2)ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ സമ്മതപത്രം വാങ്ങിയ ശേഷം മേഖല അടിസ്ഥാനത്തിൽ സീനിയോറിറ്റി റൊട്ടേഷൻ നിശ്ചയിച്ച് നിയമനം നടത്തേണ്ടതാണ്. മേഖലയിൽ സന്നദ്ധതയുള്ള ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ/കുറവാണെങ്കിൽ സീനിയോറിറ്റി ക്രമപ്രകാരം അടിസ്ഥാനത്തിൽ അവരെ നിയമിക്കേണ്ടതാണ്. എന്നാൽ, സർക്കാർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അസുഖമുള്ളവർ, സർക്കാർ അനുമതിയോടെ സർക്കാർ / എയിഡഡ്/ യൂണിവേഴ്സിറ്റി അംഗീകരിച്ച സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നവർ എന്നിവരെ ഒഴിവാക്കുന്നത് ഗതാഗത കമ്മീഷണർ പരിഗണിക്കേണ്ടതാണ്. അച്ചടക്ക നടപടിയുടെ ഭാഗമായി വിലക്കുള്ളവരെയും, എൻഫോഴ്സ്മെന്റ് വിഭാഗത്തിലുള്ളവർ എന്നിവരെയും ചെക്ക് പോസ്റ്റ് നിയമനത്തിന് പരിഗണിക്കാൻ പാടില്ലാത്തതാണ് . ഒരുതവണ ഡ്യൂട്ടി ചെയ്തവർക്ക് തുടർച്ചയായി ഡ്യൂട്ടി നല്കാൻ പാടില്ല. അവരെ പരിഗണിക്കുന്നത് ആ സോണിലുള്ള അതേ തസ്തികയിലെ മറ്റ് എല്ലാ ജീവനക്കാരെയും പരിഗണിച്ച ശേഷമായിരിക്കേണ്ടതാണ്. താൽക്കാലിക ഒഴിവുകൾ നികത്തുന്ന അവസരത്തിൽ കുറഞ്ഞകാലം ചെക്ക് പോസ്റ്റ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ചെക് പോസ്റ്റ് ഏര്യയിലെ ആർ.ടി.ഒ ക്രമീകരണം നടത്തേണ്ടതാണ്.

3)ചെക്ക് പോസ്റ്റുകളിലെ സോണൽ വൈസ് സീനിയോറിറ്റി പ്രകാരം നിയമനം നടത്തുമ്പോൾ താഴെ പറയുന്ന രീതിയിൽ സീനിയോറിറ്റി ക്രമീകരിക്കേണ്ടതാണ് . ജീവനക്കാരുടെ സീനിയോറിറ്റി ക്രമപ്രകാരം താഴെ പറയുന്ന ചെക്ക് പോസ്റ്റുകളിൽ നിയമിക്കേണ്ടതാണ് .

(i)തൃശ്ശൂർ സോണിൽ ആദ്യ സീനിയർമാരെ പാലക്കാട് ഇൻ തുടർന്ന് സീനിയോറിറ്റി മറികടക്കാതെ പാലക്കാട് ഔട്ട് , ഗോവിന്ദാപുരം, ഗോപാലപുരം , മീനാക്ഷിപുരം , വഴിക്കടവ് , നടിപ്പുണി , വേലന്താവളം എന്നിങ്ങനെ നിയമിക്കേണ്ടതാണ്.

(ii) നോർത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ മഞ്ചേശ്വരത്തും തുടർന്ന് സീനിയോറിറ്റി മറികടക്കാതെ നീലേശ്വരം , മുത്തങ്ങ , പെർള , കാട്ടിക്കുളം എന്നിങ്ങനെ നിയമിക്കേണ്ടതാണ് .

(iii) സൗത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ അമരവിള ഇൻ തുടർന്ന് സീനിയോറിറ്റി മറികടക്കാതെ അമരവിള ഔട്ട് , ആര്യങ്കാവ് , പൂവാർ , എന്നിങ്ങനെ നിയമിക്കേണ്ടതാതാണ് .

4)ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിലുള്ളവരുടെ കൺട്രോളിങ് ഓഫീസർ അതാത് ചെക്ക് പോസ്റ്റിന്റെ അധികാര പരിധിയുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ആയിരിക്കുന്നതാണ് . ജീവനക്കാർ കൃത്യമായും ഡ്യൂട്ടി ചെയ്യുന്നു എന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ ചെക്ക് പോസ്റ്റുകളിലും ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്. ചെക് പോസ്റ്റ് ഡ്യൂട്ടിയിലുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്കായിരിക്കും രജിസ്റ്ററുകളുടെ ചുമതല . രജിസ്റ്ററുകളിൽ എല്ലാ എൻട്രിയും ഉണ്ടെന്നു ഉറപ്പുവരുത്തി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അതാത് ദിവസങ്ങളിൽ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിരിക്കണം .

5)ചെക്ക് പോസ്റ്റിലെ രജിസ്റ്ററും കണക്കും മൂന്നു മാസത്തിൽ ഒരിക്കൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഡിറ്റ് ചെയ്യേണ്ടതാണ് . ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കാണുന്ന എല്ലാ വീഴ്ചകൾക്കും ഉത്തരവാദികൾ അതാത് കാലത്ത് ചെക്ക് പോസ്റ്റുകളിൽ ജോലി നോക്കിയിരുന്ന മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ /അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാരായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആര്.ജ്യോതിലാല്
പ്രിന്സിപ്പല് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്
കരുതൽ ഫയൽ
പകർപ്പ്: ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Section Officer